ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

TIME: 12.30 PM DATE :25.04.2026

## പ്രധാനവാർത്തകൾ

1. രാജസ്ഥാൻ സന്ദർശനത്തിന്റെ ഭാഗമായി ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ ജയ്പൂരിൽ. ഭഗവാൻ മഹാവീർ കാൻസർ സെന്റർ സംഘടിപ്പിക്കുന്ന കാൻസർ അതിജീവിതരുടെ കൂട്ടായ്മയെ അഭിസംബോധന ചെയ്യും.
2. പശ്ചിമ ബംഗാളിൽ രണ്ടാം ഘട്ട നിയമസഭാ തിരഞ്ഞെടുപ്പിലേക്കുള്ള പ്രചാരണം ശക്തമാക്കി രാഷ്ട്രീയ കക്ഷികൾ.
3. കൊടും ചൂടിൽ അതി ജാഗ്രതയുമായി കേരളം. ഉഷ്ണ തരംഗ സാഹചര്യം വിലയിരുത്തുന്നതിനായി മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഉന്നതതല യോഗം ചേർന്നു.
4. സംസ്ഥാനത്ത് പീക് മണിക്കൂറുകളിലെ വൈദ്യുതി ഉപയോഗം ക്രമീകരിച്ച് ഉപഭോക്താക്കൾ സഹകരിക്കണമെന്ന് കെ എസ് ഇ ബി.
5. ശക്തന്റെ തട്ടകത്തിൽ പൂര വിളംബരമായി ; ചരിത്ര പ്രസിദ്ധമായ തൃശൂർ പൂരം നാളെ. മുണ്ടത്തിക്കോട് അപകടത്തിന്റെ പശ്ചാത്തലത്തിൽ വെടിക്കെട്ട് പൂർണമായും ഒഴിവാക്കി.
6. ഇന്ത്യ- ദക്ഷിണാഫ്രിക്ക വനിതാ ടി 20 ക്രിക്കറ്റ് പരമ്പരയിലെ നാലാം മത്സരം ഇന്ന് ജോഹനാസ്ബർഗിൽ.

&&&&&&&&&&&&&&

RNU TVPM

## ഉപരാഷ്ട്രപതി

രാജസ്ഥാൻ സന്ദർശനത്തിൻ്റെ ഭാഗമായി ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ ജയ്പൂരിലെത്തി. രാജസ്ഥാൻ ഗവർണർ, ഉപമുഖ്യമന്ത്രി തുടങ്ങിയവർ ചേർന്ന് സ്വീകരിച്ചു. ജയ്പൂരിലെ ഭഗവാൻ മഹാവീർ കാൻസർ സെൻ്റർ സംഘടിപ്പിക്കുന്ന കാൻസർ അതിജീവിതരുടെ കൂട്ടായ്മയെ ഉപരാഷ്ട്രപതി അഭിസംബോധന ചെയ്യും. രാജസ്ഥാൻ സർവകലാശാലയുടെ 35-ാമത് ബിരുദദാന ചടങ്ങിലും അദ്ദേഹം പങ്കെടുക്കും.

&&&&&&&&&&&&&&

## പശ്ചിമബംഗാൾ - പ്രചാരണം

പശ്ചിമ ബംഗാളിൽ രണ്ടാം ഘട്ട നിയമസഭാ തിരഞ്ഞെടുപ്പിലേക്കുള്ള പ്രചാരണം ശക്തമാക്കി രാഷ്ട്രീയ കക്ഷികൾ. കേന്ദ്ര ആഭ്യന്തരമന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ അമിത് ഷാ ഇന്ന് ജമാൽപൂരിലും ഹൗറയിലെ ശ്യാംപൂരിലും പൊതുയോഗങ്ങളെ അഭിസംബോധന ചെയ്യും. കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി ഹൂഗ്ലിയിൽ റാലികൾ നടത്തും. തൃണമൂൽ കോൺഗ്രസ് മേധാവിയും മുഖ്യമന്ത്രിയുമായ മമത ബാനർജിയും പ്രചാരണ രംഗത്ത് സജീവമാണ്.

RNU TVPM

&&&&&&&&&&&&&&

## കേരളം - ചൂട്

സംസ്ഥാനത്ത് കനത്ത ചൂട് തുടരുന്നു. ഇടുക്കി , വയനാട് ഒഴികെയുള്ള 12 ജില്ലകളിൽ കേന്ദ്ര കാലാവസ്ഥവകുപ്പ് മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. ഉഷ്ണ തരംഗ സാഹചര്യം വിലയിരുത്തുന്നതിനായി മുഖ്യമന്ത്രി പിണറായി വിജയൻ്റെ അധ്യക്ഷതയിൽ ഓൺലൈനായി ഉന്നതതല യോഗം ചേർന്നു. ഉയർന്ന അൾട്രാവയലറ്റ് സൂചിക രേഖപ്പെടുത്തുന്നതിനാൽ പകൽ 10 മണി മുതൽ 3 മണി വരെ കൂടുതൽ നേരം വെയിലേൽക്കുന്നത് ഒഴിവാക്കണമെന്ന് ദുരന്ത നിവാരണ അതോറിറ്റിയുടെ മുന്നറിയിപ്പിൽ പറയുന്നു.

&&&&&&&&&&&&&&

## പാലക്കാട് - ചൂട് (ഇൻട്രോ)

പാലക്കാട് ജില്ലയിൽ ഇന്നും നാളെയും 40 ഡിഗ്രി സെൽഷ്യസ് വരെ താപനില ഉയരുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പിന്റെ മുന്നറിയിപ്പ്. പാലക്കാട് ജില്ലയിൽ ജാഗ്രത നിർദ്ദേശം നൽകിയിരിക്കുകയാണ്. ഇന്നലെ ജില്ലയിൽ വേനൽ മഴ പെയ്തത് നേരിയ ആശ്വാസമായി.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്...**

**(വോയ്സ്)**

**&&&&&&&&&&&&&&**

## ബാലാവകാശ കമ്മിഷൻ

സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും ഏപ്രിൽ മെയ് മാസങ്ങളിൽ നടത്തുന്ന പരിശീലന പരിപാടികൾ രാവിലെ 10.30 ന് അവസാനിപ്പിക്കണമെന്ന് ബാലാവകാശ കമ്മീഷൻ. എൻ സി സി, എസ്.പി.സി, സ്കൗട്ട്സ് ആന്റ് ഗൈഡ്സ് പരേഡ്, അസ്സംബ്ലി, വിനോദയാത്രകൾ തുടങ്ങിയവ പൂർണ്ണമായും ഒഴിവാക്കണമെന്നും കമ്മിഷൻ ഉത്തരവിട്ടു. സമയക്രമം പാലിച്ചില്ലെങ്കിൽ കടുത്ത ബാലാവകാശ ലംഘനമായി കണക്കാക്കുമെന്നും കമ്മീഷൻ വ്യക്തമാക്കി.

RNUTVPM

**&&&&&&&&&&&&&&**

## കെ എസ് ഇ ബി

സംസ്ഥാനത്ത് പീക് മണിക്കൂറുകളിലെ വൈദ്യുതി ഉപയോഗം ക്രമീകരിച്ച് ഉപഭോക്താക്കൾ സഹകരിക്കണമെന്ന് കെ എസ് ഇ ബി. പീക്ക് സമയ വൈദ്യുതി ഉപയോഗം ഈ മാസം 18ന് സർവ്വകാല റെക്കോർഡായ 117.16 ദശലക്ഷം യുണിറ്റിലെത്തിയിരുന്നു. വൈകുന്നേരം 6 നും രാത്രി 11 നുമിടയിൽ വൈദ്യുതി ഉപയോഗം പരമാവധി കുറയ്ക്കണം. ആറു മണിക്കുശേഷം പമ്പ് സെറ്റ്, ഇൻഡക്ഷൻ സ്റ്റൗ, വാട്ടർ ഹീറ്റർ, ഇസ്സിരിപ്പെട്ടി, വാഷിംഗ് മെഷീൻ, എ സി തുടങ്ങിയ ഉപകരണങ്ങളുടെ ഉപയോഗവും വൈദ്യുതി വാഹന ചാർജിങ്ങും കുറയ്ക്കേണ്ടതാണ്.

**&&&&&&&&&&&&&&**

**ശബരിമല - ഹെലികോപ്റ്റർ**

ശബരിമല സന്നിധാനത്ത് ക്ഷേത്രത്തിന് മുകളിലൂടെ കൊച്ചി കോസ്റ്റ് ഗാർഡിൻ്റെ ഹെലികോപ്റ്റർ അനുമതി ഇല്ലാതെ പറന്ന സംഭവത്തിൽ പമ്പ പൊലീസ് കേസെടുത്തു. അതീവ സുരക്ഷാ മേഖലയിൽ പൊതു സുരക്ഷയെ ബാധിക്കുംവിധം ഹെലികോപ്റ്റർ പറത്തിയതിന് പൈലറ്റിനെതിരെയാണ് കേസ്. സന്നിധാനത്ത് സുരക്ഷാ ചുമതലയുള്ള പൊലീസ് ഉദ്യോഗസ്ഥൻ്റെ പരാതിയുടെ അടിസ്ഥാനത്തിലാണ് നടപടി.

&&&&&&&&&&&&&&

**മുനി നാരായണ പ്രസാദ്**

ശ്രീനാരായണ ഗുരുദർശന പ്രചാരകനും ഗുരുകുലത്തിലെ അധ്യക്ഷനുമായിരുന്ന ഗുരു മുനി നാരായണ പ്രസാദ് അന്തരിച്ചു. 87 വയസായിരുന്നു. സമാധി ചടങ്ങുകൾ വൈകുന്നേരം വർക്കല ഗുരുകുലത്തിൽ നടക്കും. കേരള സാഹിത്യ അക്കാദമി പുരസ്കാര ജേതാവ് കൂടിയായ ഇദ്ദേഹത്തെ 2024-ൽ രാജ്യം പത്മശ്രീ നൽകി ആദരിച്ചിരുന്നു. വിയോഗത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചിച്ചു.

&&&&&&&&&&&&&&

**ലോക മലേറിയ ദിനം**

ഇന്ന് ലോക മലേറിയ ദിനം. രോഗ നിർമ്മാർജ്ജനത്തിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതും അവബോധം വളർത്തുന്നതിനും ലക്ഷ്യമിട്ടാണ് എല്ലാ വർഷവും ഏപ്രിൽ 25 മലേറിയ ദിനമായി ആചരിക്കുന്നത്. Driven to End Malaria: Now We Can. Now We must എന്നതാണ് ഈ വർഷത്തെ പ്രമേയം.

&&&&&&&&&&&&&&

**മൻ കി ബാത്**

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കീ ബാത്ത് നാളെ രാവിലെ 11- മണിക്ക്.

KNU TVPM

പരിപാടിയുടെ 133-ാം പതിപ്പാണിത്. ആകാശവാണിയിലും ദൂരദർശനിലും മൻ കീ ബാത്ത് തത്സമയം ലഭ്യമാകും.

&&&&&&&&&&&&&&

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത" എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നു. വൈകുന്നേരത്തെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

&&&&&&&&&&&&&&

## ഇറാൻ-യു.എസ്- പാക്

പശ്ചിമേഷ്യൻ യുദ്ധം അവസാനിപ്പിക്കുന്നതിനായി ഇറാൻ-യുഎസ് രണ്ടാംഘട്ട സമാധാനചർച്ചകൾക്ക് വഴി തുറക്കുന്നതായി സൂചന. ഇറാൻ വിദേശകാര്യമന്ത്രി അബ്ബാസ് അരാഗ്ചി ഇന്നലെ ഇസ്ലാമാബാദിൽ എത്തി. എന്നാൽ ഇറാനും അമേരിക്കയും തമ്മിൽ ഒരു കൂടിക്കാഴ്ചയും ആസൂത്രണം ചെയ്തിട്ടില്ലെന്ന് ഇറാൻ വിദേശകാര്യവക്താവ് അറിയിച്ചു. അതേസമയം, ധാരണയിലെത്തുന്നത് വരെ ഇറാനിയൻ തുറമുഖങ്ങൾ ഉപരോധിക്കുന്നത് തുടരുമെന്ന് യു.എസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് പറഞ്ഞു.

RNU TVPM

&&&&&&&&&&&&&&

## PNG സറണ്ടർ

സംസ്ഥാനത്ത് PNG കണക്ഷൻ ലഭിച്ച ഉപഭോക്താക്കൾ കൈവശമുള്ള എൽപിജി കണക്ഷനുകൾ അടിയന്തരമായി സറണ്ടർ ചെയ്യണമെന്ന് സിവിൽ സപ്ലൈസ് കമ്മീഷണർ അറിയിച്ചു. പശ്ചിമേഷ്യയിലെ യുദ്ധസാഹചര്യത്തിൽ രാജ്യവ്യാപകമായി എൽപിജി വിതരണത്തിന് നിയന്ത്രണങ്ങളും നിർദ്ദേശങ്ങളും നിലനിൽക്കുന്ന പശ്ചാത്തലത്തിലാണ് നടപടി. ഉപഭോക്താക്കൾ 15 ദിവസത്തിനകം എൽപിജി കണക്ഷൻ സറണ്ടർ ചെയ്യണമെന്നാണ് നിർദേശം.

&&&&&&&&&&&&&&

## തൃശ്ശൂർ പൂരം (ഇൻട്രോ)

ശക്തന്റെ തട്ടകം പൂരാവേശത്തിൽ. നെയ്തലക്കാവിലമ്മയുടെ തിടമ്പുമേന്തി ഗജവീരൻ എറണാകുളം ശിവകുമാർ തെക്കേ ഗോപുരനട തുറന്നതോടെ പൂര വിളംബരമായി. നാളെയാണ് ചരിത്ര പ്രസിദ്ധമായ തൃശൂർ പൂരം.

**വിശദാംശങ്ങളുമായി ആകാശവാണി തൃശ്ശൂർ ജില്ലാ പ്രതിനിധി ഭരിതാ പ്രതാപ്..... (വോയ്സ്)**

&&&&&&&&&&&&&&

## ഹജ്ജ് - കരിപ്പൂർ

സംസ്ഥാന ഹജ്ജ് കമ്മിറ്റി മുഖേന കരിപ്പൂർ എംബാർക്കേഷൻ പോയിന്റ് വഴി ഹജ്ജിന് പോകുന്ന തീർഥാടകരുടെ യാത്രാ സൗകര്യങ്ങളും മുന്നൊരുക്കങ്ങളും വിലയിരുത്താൻ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ യോഗം ചേർന്നു. കരിപ്പൂർ വിമാനത്താവളത്തിൽനിന്നുള്ള ആദ്യ വിമാനം മെയ് 14- നാണ് പുറപ്പെടുന്നത്. മെയ് 17-നാണ് ഇവിടെനിന്നുള്ള അവസാന വിമാന സർവീസ് സജ്ജമാക്കിയിട്ടുള്ളത്.

&&&&&&&&&&&&&&

## വനിത ടി-20 ക്രിക്കറ്റ്

ഇന്ത്യ- ദക്ഷിണാഫ്രിക്ക വനിതാ ടി 20 ക്രിക്കറ്റ് പരമ്പരയിലെ നാലാം മത്സരം ഇന്ന് ജോഹന്നാസ്ബർഗിൽ നടക്കും. ഇന്ത്യൻ സമയം രാത്രി 9:30-നാണ് മത്സരം. ആദ്യ മൂന്ന് മത്സരങ്ങളും വിജയിച്ച ദക്ഷിണാഫ്രിക്ക ഇതിനോടകം പരമ്പര സ്വന്തമാക്കിയിട്ടുണ്ട്.

&&&&&&&&&&&&&&

## ഐപിഎൽ

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് രണ്ട് മത്സരങ്ങൾ. വൈകിട്ട് 3.30ന് നടക്കുന്ന മത്സരത്തിൽ ഡൽഹി ക്യാപിറ്റൽസ് - പഞ്ചാബ് കിംഗ്സിനെ നേരിടും. രാത്രി 7.30ന് രാജസ്ഥാൻ റോയൽസ് - സൺ റൈസേഴ്സ് ഹൈദരാബാദുമായി ഏറ്റുമുട്ടും.

&&&&&&&&&&&&&&

PIU TVPM

## കെ ജി മാരാർ അനുസ്മരണം

ബിജെപി സംസ്ഥാന അധ്യക്ഷനായിരുന്ന കെ ജി മാരാർ അനുസ്മരണ ദിനത്തോടനുബന്ധിച്ച് കണ്ണൂർ പയ്യാമ്പലത്ത് നടന്ന അനുസ്മരണ പരിപാടി ബിജെപി ദേശീയ സമിതി അംഗം സി കെ പത്മനാഭൻ ഉദ്ഘാടനം ചെയ്തു. കെ ജി മാരാരുടെ സ്മൃതി കുടിരത്തിൽ രാവിലെ പുഷ്പാർച്ചന നടത്തി. ബിജെപി നോർത്ത് ജില്ലാ പ്രസിഡണ്ട് കെ കെ വിനോദ് കുമാർ ഉൾപ്പെടെയുള്ളവർ പങ്കെടുത്തു.

&&&&&&&&&&&&&&

## പാമ്പു കടിയേറ്റു

കായംകുളത്ത് 15 വയസുകാരിക്ക് പാമ്പുകടിയേറ്റു. എരുവ സ്വദേശിയായ വിദ്യാർഥിനിയെ ഉടൻ കായംകുളം ആശുപത്രിയിലെത്തിച്ച് ആന്റി വെനം നൽകി. അപകടനില തരണം ചെയ്തതായി ആശുപത്രി അധികൃതർ അറിയിച്ചു.

&&&&&&&&&&&&&&

## കമ്പം അപകടം

തമിഴ്നാട് കമ്പം കാട്ടുപള്ളിവാസലിൽ പടക്ക നിർമ്മാണശാലയിലുണ്ടായ തീപിടിത്തത്തിൽ രണ്ടുപേർ മരിച്ചു. കമ്പം സ്വദേശികളായ സൂര്യ, ദീനദയാലൻ എന്നിവരാണ് മരിച്ചത്. ഗുരുതരമായി പരിക്കേറ്റവരെ തേനി മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. അപകടത്തെക്കുറിച്ച് പോലീസ് അന്വേഷണം ആരംഭിച്ചിട്ടുണ്ട്.

&&&&&&&&&&&&&&

## സെൻസസ് - 2027

2027 ലെ സെൻസസിനായി എല്ലാ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും 1855 എന്ന ദേശീയ ടോൾ ഫ്രീ ഹെൽപ്പ്ലൈൻ നമ്പർ പ്രവർത്തനക്ഷമമായതായി രജിസ്ട്രാർ ജനറലിന്റെയും സെൻസസ് കമ്മീഷണറുടെയും ഓഫീസ് അറിയിച്ചു. വീടുകളുടെ പട്ടിക രേഖപ്പെടുത്തൽ , ഭവന സെൻസസ് എന്നിവയെക്കുറിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ്രാദേശിക ഭാഷകളിലും ഇംഗ്ലീഷിലും ഹെൽപ്പ്ലൈൻ നമ്പറിലൂടെ ഉറപ്പാക്കും.

RJUTVPM

**&&&&&&&&&&&&&&**

<u>സെൻസസ് - 2027 - മലപ്പുറം</u>

സംസ്ഥാനത്ത് 2027 സെൻസസിനുള്ള ഒരുക്കങ്ങൾ ഊർജ്ജിതം. ഇതിന്റെ ഭാഗമായി നടക്കുന്ന മലപ്പുറം ജില്ല, താലൂക്കുതല ഉദ്യോഗസ്ഥർക്കുള്ള പരിശീലന പരിപാടി ഇന്ന് സമാപിക്കും. ഈ വർഷം ജൂൺ 16 മുതൽ ജൂലൈ 30 വരെയും 2027 ഫെബ്രുവരി ഒന്നുമുതൽ 28 വരെയും രണ്ടുഘട്ടങ്ങളിലായാണ് സെൻസസ് നടക്കുന്നത്.

**&&&&&&&&&&&&&**

**&&&&&&&&&&&**

**&&&&&&&&&**

RNU TVPM